


# God does everything good (എല്ലാം നന്മയ്ക്കായി........)

കർത്തൃസന്നിധി പൂകിയ വിശ്വാസ വീരനാണ് പുഞ്ചമണ്ണിൽ മാമ്മൻ ഉപദേശി. ഒരിക്കൽ തീരപ്രദേശത്ത് സുവിശേഷം അറിയിക്കുവാൻ പോയ അദ്ദേഹം സ്വമേധയാ രാത്രി വൈകുന്നതുവരെ തന്റെ പ്രവർത്തനം തുടർന്നു. കയ്യിൽ മടക്കയാത്രയ്ക്കുള്ള വണ്ടിക്കൂലി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവസാന ബോട്ട് പോകും മുൻപ് ജെട്ടിയിലെത്തിയ ഉപദേശി തന്റെ മടക്കയാത്രയ്ക്കുള്ള ടിക്കറ്റ് വാങ്ങിയതിനുശേഷമാണ് തന്റെ സന്തതസഹചാരിയായ കാലൻ കുടയുടെ കാര്യം ഓർത്തത്. കണ്ടക്ടരോടേ 'ഉടൻ വരാം' എന്ന് പറഞ്ഞ് പുറത്തേക്കുപോയ അദ്ദേഹം കുട എടുക്കുവാനായി ഓടിപ്പോയി. കുടമടക്കികിട്ടി എങ്കിലും തന്റെ യാത്ര മുടക്കി ബോട്ട് തീരം വിട്ട് പോകുന്ന കാഴ്ച കാണുവാനിടയായി.നിരാശനായി നിന്ന കർത്തൃദാസൻ അറിയാതെ പുലമ്പി 'കർത്താവേ ! എന്നോട് എന്തിന് നീ ഈ ക്രൂരത കാട്ടി, എന്റെ കുടുംബത്തെ മറന്ന് ഞാൻ വേല ചെയ്തു ഇനി എന്റെ കൈവശം പണവുമില്ല' എന്ന്. ജെട്ടിയുടെ ഒരു കോണിൽ കടലാസുവിരിച്ചു കിടന്ന ഉപദേശി രാത്രി ഏറെ നേരം ദു:ഖചിന്തകളാൽ കിടന്നു. വെളുപ്പാൻ കാലത്താണ് അദ്ദേഹത്തിന് ഉറങ്ങാൻ കഴിഞ്ഞത്. പ്രഭാതത്തിൽ ചിലരുടെ അടക്കിപ്പിടിച്ച സംസാരം,



ചിലരുടെ നിലവിളി ഇവയാണ് അദ്ദേഹത്തിനെ ഉണർത്തിയത്.കാര്യം തിരക്കിയ ഉപദേശി ഞെട്ടിക്കുന്ന ഒരു വാർത്തയാണ് കേട്ടത്. തലേന്ന് രാത്രി അവസാനമായി അവിടെനിന്നു പോയ ബോട്ട് പല്ലനയാറ്റിൽ മുങ്ങിപ്പോയിരിക്കുന്നു. 'രക്ഷകൻ' എന്ന പേരിലുള്ള ആ ബോട്ടിലെ യാത്രക്കാരെല്ലാം മരണത്തിനിരകളായിത്തീർന്നു. യാത്രക്കാരിൽ ഒരാളായിരുന്നു മഹാനായി നാം ബഹുമാനിക്കുന്ന മഹാകവി കുമാരനാശാൻ . അപ്പോഴാണ് ഉപദേശി തന്റെ രക്ഷകനായ ക്രിസ്തുവിന്റെ കരുതൽ മനസ്സിലാക്കിയത്.
കർത്താവേ ! അങ്ങയെ വേദനിപ്പിച്ച ചോദ്യം ചോദിച്ച ഈ എളിയവനോട് ക്ഷമിക്കേണമേ എന്ന് തീർച്ചയായും പ്രാർത്ഥിച്ചുകാണും. കുട മറക്കുവാൻ സഹായിച്ചതും, കുട നഷ്ടമാകാതെ മടക്കിതന്നതും, അതുമായി വന്നപ്പോൾ ബോട്ടുപോയതും തന്റെ രക്ഷകൻ തന്റെ ജീവന്റെ കരുതലിനായി ഒരുക്കിയതായിരുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. എല്ലാം നന്മയ്ക്കായി ചെയ്യുന്നവനാണ് നമ്മുടെ ദൈവം.
യോസഫിന്റെ ജീവിതം എല്ലാം നന്മയ്ക്കായി ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തി വ്യക്തമാക്കുന്നു. പിതാവായ യാക്കോബ് യോസഫിനു നൽകിയ വിശേഷ വസ്ത്രം മാത്രമല്ല അവൻ കണ്ട സ്വപ്നങ്ങളും അവന്റെ സഹോദരൻമാരെ അസൂയാലുക്കളാക്കി.നമ്മുടെ ജീവിതത്തിൽ നടക്കുന്ന ചില സംഭവങ്ങൾ സ്വപ്നത്തിൽ ചിലരെ ദൈവം കാണിക്കും . ഇതാണ് യോസഫിന്റെ ജീവിതത്തിലും നടന്നത്. അസൂയാലുക്കളായ സഹോദരൻമാർക്ക് സമാധാനമായി അവനോട് സംസാരിപ്പാൻ പോലും കഴിഞ്ഞില്ല.
Read ---- ഉല്പത്തി (37:1-11)
സ്വപ്നക്കാരനായ പതിനേഴുവയസ്സുകാരനെ കൊല്ലുവാൻ ആലോചിച്ചപ്പോൾ രക്ഷിക്കുവാൻ സഹോദരനായ രൂബേനെ ദൈവം ഒരുക്കി (ഉല്പ:37:21).പൊട്ടക്കിണറ്റിൽ ഇവർ ഇട്ട ബാലനെ രക്ഷിപ്പാൻ മറ്റൊരു സഹോദരനായ യെഹൂദയെ ഒരുക്കി. യിശ്മായേല്യ കച്ചവടക്കാരെ അവിടെ കൊണ്ടുവന്നതും ഇരുപതു വെള്ളിക്കാശിന് സഹോദരങ്ങൾ യോസഫിനെ വിറ്റതും ആ കച്ചവടക്കാരോടൊപ്പം അവനെ മിസ്രേമിലെത്തിക്കുവാനായിരുന്നു. പൊത്തീഫറിന് വിറ്റ അവൻ തുടർന്ന് കാരാഗ്രഹത്തിലെത്തിയതും ദൈവീക പദ്ധതിയായിരുന്നു.ദൈവം തിരഞ്ഞെടുത്തവൻ എവിടെ ആയാലും ദൈവം അവനോടുകൂടെയുണ്ട്. പ്രതികൂലങ്ങൾ സ്വപ്നം തകർക്കുവാൻ യോസഫ് അനുവദിച്ചില്ല.

കാരാഗ്രഹവാസത്തിൽ സ്വപ്നവ്യാഖ്യാനം എന്ന ഒരു പുതിയ പാഠം ദൈവം പരിശീലിപ്പിച്ചു. അത് ജയിലിന്റെ പുറത്തേക്കുള്ള വഴി അവന്

കാട്ടികൊടുത്തു. ആദ്യ വ്യാഖ്യാനം നടത്തിയതറിയുവാൻ വായിക്കുക(ഉല്പ:40). തുടർന്ന് ആർക്കും വ്യാഖ്യാനിപ്പാൻ കഴിയാത്ത സ്വപ്നം യഹോവ ഫറവോന് നൽകി. വ്യാഖ്യാനിപ്പാൻ യോസഫിനെ കൊട്ടാരത്തിൽ വരുത്തി. നീ സ്വപ്നം വ്യാഖ്യാനിക്കുമോ? എന്ന ഫറവോന്റെ ചോദ്യത്തിന് യോസഫ് നൽകിയ മറുപടി അവന്റെ താഴ്മയുടെ അടയാളമാണ്.
Read----ഉല്പ(41:16)
ഞാനല്ല , ദൈവം തന്നെ ശുഭമായ ഉത്തരം നൽകുമെന്നായിരുന്നു ഉറച്ച മറുപടി.

താൻ തന്നെ ദൈവമെന്ന് കരുതുന്ന മിസ്രേമ്യ രാജാവിനോട് യഹോവയായ ദൈവത്തെക്കുറിച്ച് പറഞ്ഞത് ജീവൻ അപകടത്തിലാകുവാൻ കാരണമാകുമായിരുന്നു. പ്രതികൂലങ്ങളിൽ കൂടി കടക്കേണ്ടി വരുമെന്ന് സ്വപ്നസമയത്ത് അവൻ അറിഞ്ഞില്ലെങ്കിലും സ്വപ്നം നഷ്ടമാകാതെ അവൻ സൂക്ഷിച്ചു.അതിനാൽ മിസ്രേം ദേശത്തിനൊക്കെയും ദൈവം അവനെ അധികാരിയാക്കി. കൊട്ടാരത്തിലെത്തുവാനും നേർമ്മയുള്ള വസ്ത്രം ധരിച്ച് ഫറവോന്റെ മുദ്രമോതിരം അണിയുവാനും പൊട്ടക്കിണർ മുതലുള്ള കഷ്ടത അനുഭവിച്ചേ മതിയാകുകയുള്ളൂ. നിന്ദിച്ചവർ വന്ദിച്ചു, ചോദ്യം ചെയ്യാതെ അനുസരിച്ചു. അതേ ! ദൈവം എല്ലാം അവന് നന്മയ്ക്കായി ചെയ്തു.

സഹോദരങ്ങളേ ! പ്രശ്നങ്ങൾ, പ്രതികൂലങ്ങൾ ഉണ്ടാകാം. ഭയപ്പെടേണ്ട, ഭ്രമിക്കേണ്ട. നിന്റെ Pro- file അവന്റെ കരത്തിലുണ്ട്. എല്ലാം അറിയുന്ന അപ്പൻ എല്ലാം നന്മയ്ക്കായേ ചെയ്യൂ എന്ന് വിശ്വസിക്കുക. ദൈവം നിങ്ങളെ ധൈര്യപ്പെടുത്തട്ടെ. പ്രതികൂലം തരണം ചെയ്യുന്നവൻ പ്രതിബന്ധത്തെ അതിജീവിച്ച് ഉയർച്ചയിലെത്തുന്നു.

## പ്രാർത്ഥന

കൃപയാൽ ഞങ്ങളെ നടത്തുന്ന ദൈവമേ ! ഓരോ നിമിഷവും ഞങ്ങൾ അങ്ങയുടെ സംരക്ഷണയിലാകുവാൻ സഹായിക്കേണമേ. ദൈവത്തിന്റെ പ്രവർത്തികളെല്ലാം ഞങ്ങളുടെ നന്മയ്ക്കായിട്ടാകുന്നു എന്ന് മനസ്സിലാക്കുവാൻ കൃപതരേണമേ. യേശുവിൻ നാമത്തിൽ തന്നെ

ആമേൻ

**Santhamma Varghese**